# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3609 15.07.2015 - ൽ മറുപടിയ്ക്ക്

### <u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്</u>

**ചോദ്യം**

**ശ്രീ.കെ.കെ.നാരായണൻ**

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) അണക്കെട്ട് നിർമ്മിക്കുന്നതിന് പരിസ്ഥിതി പഠനം നടത്തുന്നതിനായി കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അനുമതിയ്ക്കായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ.പി. ജെ. ജോസഫ്**

**(ജലവിഭവ വകുപ്പ് മന്ത്രി)**

(എ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) യും (സി) യും മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിലേയ്ക്കായി നിരാക്ഷേപ പത്രം (NOC) ലഭ്യമാക്കുന്നതിനുള്ള അപേക്ഷ നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ച് കേരളം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ ദേശീയ വന്യജീവി ബോർഡിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിക്കുകയും ശുപാർശ ചെയ്യുകയു- മുണ്ടായി. ദേശീയ വന്യജീവി ബോർഡിന്റെ ശുപാർശ പരിഗണിച്ചും കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള അനുമതി ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിന്നും ലഭിച്ചിട്ടുണ്ട്.

നിലവിലുള്ള വ്യവസ്ഥ പ്രകാരം; പരിസ്ഥിതി ആഘാത പഠനത്തിനുള്ള അനുമതിയെ തുടർന്ന് പ്രസ്തുത പഠനത്തിനു വേണ്ട രൂപരേഖ (Terms of Reference) അംഗീകാരത്തിനായി കേന്ദ്ര പരിസ്ഥിതി വനം

മന്ത്രാലയത്തിന്റെ Expert Appraisal Committeeയ്ക്ക് സമർപ്പിക്കേണ്ടതുണ്ട്. കേരളത്തിന്റെ അപേക്ഷ Expert Appraisal Committee യുടെ പരിഗണനയ്ക്കായി ഉചിതമാർഗ്ഗേണ സമർപ്പിച്ചിരുന്നു. ഇതിനിടയിൽ പുതിയ ഡാമിന്റെ നിർമ്മാണത്തിനായുള്ള പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ നിന്നും കേരളത്തെ തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ബഹു.സുപ്രീം കോടതിയിൽ ഇടക്കാല ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഇടക്കാല ഹർജിയിൽ ഉത്തരവാകുന്നതുവരെ പരിസ്ഥിതി ആഘാതപഠനത്തിനുള്ള രൂപരേഖ (TOR) അംഗീകരിക്കുന്നതിനായി കേരളം സമർപ്പിച്ച അപേക്ഷയിന്മേലുള്ള തീരുമാനം നീട്ടി വയ്ക്കാനാണ് (defer ചെയ്യുവാനാണ്) Expert Appraisal Committee നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള എല്ലാ അനുമതികളും താമസംവിനാ ലഭ്യമാക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടർന്നു വരുകയാണ്.

സെക്ഷൻ ഓഫീസർ